**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 1951 14.07.2011 ൽ മറുപടിക്ക്

## മംഗലം ഡാം, കണ്ണാടി കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. ചന്ദ്രൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മംഗലം ഡാം, കണ്ണാടി കുടിവെള്ള പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; | (എ), (ബി) & (സി) | മംഗലം ഡാം, ഉറവിടമാക്കിക്കൊണ്ട് വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ സർവ്വേ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പദ്ധതിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്. കണ്ണാടി കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ആയതിൻെറ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. വടക്കഞ്ചേരി, കിഴക്കഞ്ചേരി, വണ്ടാഴി പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ജല ലഭ്യത ഉറപ്പായാൽ മാത്രമേ ഉണ്ടാക്കാൻ കഴിയുകയുള്ളു. |
| (ബി) ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (സി) ഇവ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ